ഖുത്വ്ബ നമ്പർ
**47**
**23-11-2012**

بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الكريم O وعلیٰ عبده المسيح الموعود

# ജുമുഅ ഖുത്വ്ബ
# ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
## ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالیٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്



ഇപ്പോൾ നാം കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ ഇസ്ലാമിക മാസത്തിന്റെ പേര് മുഹർറമുൽ ഹറം എന്നാണ്. ഇസ്ലാമിക കലണ്ടറിലെ ആദ്യത്തെ മാസമാകുന്നു ഇത്. പൊതുവിൽ വർഷത്തിലെ ആദ്യമാസത്തിൽ, പുതുവർഷത്തിന്റെ തുടക്കത്തിൽ നാം പരസ്പരം ആശംസകൾ നേരുന്നു. കഴിഞ്ഞ ജുമുഅ ദിവസം ചിലയിടങ്ങളിൽ മുഹർറം മാസത്തിന്റെ ആരംഭമായിരുന്നു. ചിലയിടങ്ങളിൽ വ്യാഴാഴ്ചയായിരുന്നു. ജുമുഅക്ക് വേണ്ടി ഞാൻ വന്നപ്പോൾ പുറത്തു നിന്നിരുന്ന ഒരു സാഹിബ് എനിക്ക് ആശംസകൾ നേർന്നു. എന്നാൽ എന്തിന്റെ ആശംസകളാണ്? അന്നേ ദിവസം ഇറാക്കിൽ സ്ഫോടനങ്ങൾ ഉണ്ടായി. ഷിയാക്കളെ ആക്രമിച്ചു. ധാരാളം പേർ ശഹീദാക്കാപ്പെട്ടു. സാധാരണയായി നവവർഷാരംഭത്തിൽ നാം പരസ്പരം ആശംസകൾ നേരുന്നു. എന്നാൽ ചന്ദ്രവർഷത്തിലെ ഈ മാസം ആരംഭിക്കുമ്പോൾ, ഈ സമുദായത്തിനെ സംബന്ധിച്ച് വേദനയുള്ള മുസ്ലിംകളിലെ ഭൂരിഭാഗം മാന്യന്മാരും ഈ മാസം സമാഗതമാകുമ്പോൾ ഭയവും ചിന്തയും പ്രകടിപ്പിക്കാൻ തുടങ്ങുന്നു. ഇതെന്തുകൊണ്ടാണ്?

ഞാൻ പറഞ്ഞതുപോലെ സ്ഫോടനങ്ങളുണ്ടാകുന്നു. കൊല്ലും കൊലയും ഉണ്ടാകുന്നു; ഈ ദിനങ്ങളിൽ ഗവർമെന്റിന്റെ പ്രഖ്യാപനമുണ്ടായിരിക്കെ, വിവിധകക്ഷികളുടെ പണ്ഡിതന്മാരുടെ സംയുക്ത പരാമർശമുണ്ടായിരിക്കെ, വിളംബരമുണ്ടായിരിക്കെ, ഒന്നുകിൽ ഷിയ സുന്നി കലഹം ഉടലെടുക്കുന്നു; അല്ലെങ്കിൽ എവിടെയെങ്കിലും ഏതെങ്കിലും അനുശോചന സദസ്സിൽ മറ്റു കക്ഷികളിൽ നിന്ന് അല്ലെങ്കിൽ ദുഷ്ടരായ മുസ്ലിംകളിൽ നിന്ന് അക്രമണമുണ്ടാകുന്നു എന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ സ്വാർത്ഥരും ഭീകരവാദികളും മറ്റുള്ളവരുടെ കൈകളിലെ കളിപ്പാട്ടമായിക്കൊണ്ട് ഷിയാക്കളുടെ സദസ്സിലോ അല്ലെങ്കിൽ കൂട്ടത്തോയോ ആക്രമിച്ചുകൊണ്ട് അനവധി നിഷ്കളങ്കരുടെ ജീവനെ അപഹരിക്കുന്നു. ഇവരിൽ ചിലർക്ക് മതപരമായ ലക്ഷ്യമുണ്ടാകില്ല. അല്ലെങ്കിൽ മതപരമായ ഭിന്നതകളുണ്ടാകില്ല. മറിച്ച് രാഷ്ട്രീയ ലക്ഷ്യമായിരിക്കും ഉണ്ടായിരിക്കുക. ഭരണകൂടത്തെ പരാജയപ്പെടുത്താൻ ആഗ്രഹിക്കുന്നു. പൊതുവിൽ മുഹർറം 10 കൂടുതൽ അപകടകാരിയായ ദിവസമാകുന്നു. പാശ്ചാത്യരാജ്യങ്ങളിൽ നാളെയാണ്. ഇവിടെ അത്തരത്തിലുള്ള കുഴപ്പങ്ങളില്ല. എന്നാൽ പൗരസ്ത്യരാഷ്ട്രങ്ങളിൽ ഇന്നാണ്. പാകിസ്താനിലും മറ്റു ചില രാഷ്ട്രങ്ങളിലും. ഇന്നേ ദിവസം അക്രമം ചില അവസരങ്ങളിൽ അതിർലംഘിക്കുന്നു. ഇപ്രാവശ്യം ശിയാക്കളുടെ വിവിധ കേന്ദ്രങ്ങളിൽ ആക്രമണമുണ്ടായിക്കഴിഞ്ഞിരുന്നു. ഒന്നാമത്തെ ദിവസം തന്നെ ഇറാഖിൽ ശിയാക്കളെ ആക്രമിക്കുകയുണ്ടായി എന്ന് ഞാൻ പറഞ്ഞു. പാക്കിസ്ഥാനിൽ റാവൽപിണ്ടി, കറാച്ചി, കൊയിട്ട, സവാദ് എന്നിവിടങ്ങളിൽ ആക്രമണമുണ്ടായി. ഇന്നത്തെ പത്രങ്ങളിൽ ഉണ്ടായിരുന്നു. സ്ഫോടനങ്ങളുണ്ടായി. പല ജീവനുകളും ഹനിക്കപ്പെട്ടു. റാവൽപിണ്ടിയിലാണെങ്കിൽ മിനിഞ്ഞാന്നും ആക്രമണമുണ്ടായി. ഇന്നലെയും ഉണ്ടായി. ശിയാക്കൾക്കു നേരെയുണ്ടായ ആക്രമണത്തിൽ ഇന്നലെ 23 പേർ മരണപ്പെട്ടു. ശിയാക്കൾക്ക് അവസരം ലഭിക്കുമ്പോൾ അവരും പകരം ചോദിക്കുന്നു. മുസ്ലിം സമുദായത്തിന്റെ അവസ്ഥ വളരെ വിചിത്രമാണ്. കാരുണ്യാർഹമായ അവസ്ഥയാണ്.

ഈ മതഭിന്നതയോ അല്ലെങ്കിൽ ഏതെങ്കിലും ഭിന്നതയോ, മുസ്ലിംകളിലും അല്ലെങ്കിൽ മുസ്ലിം ഭരണകൂടങ്ങളിലും, പരസ്പരം വിദ്വേഷം ജനിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ ചില രാഷ്ട്രങ്ങളിൽ ന്യൂനപക്ഷ കഷികളുടെ ഭരണമാണെങ്കിൽ ഭൂരിപക്ഷ കക്ഷികൾ ശക്തമായ പ്രതികരണം പ്രകടിപ്പിക്കുന്നു. അത് വെടിയുണ്ടയും ബോംബും മുഖേനയാകുന്നു. ന്യൂനപക്ഷ കക്ഷികൾക്ക് സന്ദർഭം ലഭിക്കുമ്പോൾ അവർ ഭൂരിപക്ഷക്കാരെ ആക്രമിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഭീകരവാദത്തിനെതിരിലുള്ള യുദ്ധത്തിന്റെ പേരിൽ അല്ലെങ്കിൽ വിദ്രോഹികളെ അടിച്ചമർത്തുന്നതിന്റെ പേരിൽ ഭരണകൂടവും നിഷ്കളങ്കജീവനുകളെ അപഹരിക്കുന്നു. ഒന്നു ചിന്തിക്കാതെയും മനസ്സിലാക്കാതെയും ബോംബ് വർഷിക്കുന്നു, വെടിവെപ്പ് നടത്തുന്നു, വീടുകളെ തകർക്കുന്നു. സ്വന്തം രാജ്യത്തെ ആയിരക്കണക്കിന് പുരുഷന്മാരെയും സ്ത്രീകളേയും മരണത്തിലേക്ക് നയിക്കുന്നു. ഇപ്പോൾ സിറിയയിൽ നടക്കുന്നതും ഇതു തന്നെയാണ്. ഇക്കാരണത്താലാണ് ഇസ്ലാമിന്റെ ശത്രുക്കൾക്ക് തന്നിഷ്ടം പ്രവർത്തിക്കുന്നതിനുള്ള തുറന്ന അവസരം ലഭിക്കുന്നത്.

പലസ്തീനികൾക്കു മേലുള്ള ഇസ്രായേല്യരുടെ ആക്രമണം മുസ്ലിംകളുടെ ഈ ഭിന്നതയും അനൈക്യവും കാരണത്താലാണ്. മതഭിന്നതയിലോ അല്ലെങ്കിൽ രാഷ്ട്രീയഭിന്നത കാരണത്താലോ സർവ്വധാർമ്മിക മൂല്യത്തേയും ചവിട്ടിമെതിക്കാത്ത അല്ലെങ്കിൽ പരസ്പരം ഭീകരതയുടെ ഭയാനക കഥകൾ രചിക്കാത്ത ഒരു ഇസ്ലാമിക രാഷ്ട്രവുമില്ല. തൽഫലമായി ഏതെങ്കിലും രൂപത്തിൽ പരസ്പരം ദ്രോഹിച്ചുകൊണ്ടിരിക്കുന്നതായി കണ്ടുകൊണ്ടിരിക്കുന്നു.

വിദേശ അനിസ്ലാമിക ശക്തികളും ഇക്കാരണത്താൽ തങ്ങളുടെ പരിധിയിലുള്ള ഇസ്ലാമിക രാഷ്ട്രങ്ങളേയും ബുദ്ധിമുട്ടിച്ചു കൊണ്ടിരിക്കുകയാണ്. മുസ്ലിംകൾക്ക് വിവേകം ഉണ്ടാവുകയും ഐക്യപ്പെടുകയും ചെയ്തെങ്കിൽ എത്ര നന്നായേനെ! സ്വന്തം പൂർവ്വികരിൽ നിന്ന് പാഠം പഠിക്കുക. ചരിത്രം അവരെകുറിച്ച് എന്താണ് പറയുന്നത്? ഒരു

ഇസ്ലാമിക എതിരാളി ശക്തിയാർജ്ജിക്കുകയും ഹദ്റത്ത് അലിയുടേയും ഹദ്റത്ത് മുആവിയയുടേയും ഭിന്നത കാരണത്താൽ ഇസ്ലാമിക ശക്തിയെ ദുർബലമായി ധരിച്ചുകൊണ്ട് തന്റെ അധികാര വിപുലീകരണത്തിനായി ആക്രമണത്തിന് പദ്ധതിയിട്ടു. ഹദ്റത്ത് മുആവിയക്ക് ഇതിനെ സംബന്ധിച്ചുള്ള അറിവ് ലഭിച്ചപ്പോൾ ആ ചക്രവർത്തിക്ക് ഒരു സന്ദേശം അയച്ചു. ഞങ്ങളുടെ പരസ്പര ഭിന്നതയിൽ നിന്ന് ഫലമെടുത്തുകൊണ്ട് മുസ്ലിംകളെ ആക്രമിക്കാൻ തുനിയരുത്. അഥവാ ആക്രമിക്കുകയാണെങ്കിൽ ഞാൻ ഹദ്റത്ത് അലിയുടെ ഭാഗത്തു നിന്നും നിനക്കെതിരെ പടപൊരുതുന്ന ആദ്യ സേനാപതിയായിരിക്കും.

ഇതായിരുന്നു ആ സഹാബാക്കളുടെ പ്രതികരണം. അവരുമായിട്ടാണ് നാം നമ്മെ ബന്ധപ്പെടുത്തുന്നത്. ഇന്ന് ഇവർ വിരോധികളോടൊപ്പം ചേർന്ന് ഇസ്ലാമിക ഭരണങ്ങൾക്കെതിരിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു. എന്നിട്ടും മുസ്ലിംകളാണ്. ഒരു കാര്യത്തിൽ മാത്രമാണ് ഈ ഉലമാക്കളുടെ, നാമ മാത്രമായ ഈ ഉലമാക്കളുടെ അല്ലെങ്കിൽ അക്രമം പരത്തുന്ന വിഭാഗങ്ങളുടെ ഐക്യമുണ്ടാകുന്നത്; അത് മുഹമ്മദീ മസീഹിനാൽ സ്ഥാപിതമായ ജമാഅത്തിനെതിരിൽ പദ്ധതി ആവിഷ്കരിക്കുന്നതിൽ അല്ലെങ്കിൽ **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്** എന്നതിൽ ഹൃദയം കൊണ്ടും മനസ്സുകൊണ്ടും ദൃഢമായി വിശ്വസിക്കുന്ന അഹ്മദികളെ ബലാൽകാരമായി ഇസ്ലാമിക വൃത്തത്തിൽ നിന്നും പുറത്താക്കുന്ന കാര്യത്തിൽ. അവർക്ക് അൽപം പോലും ഭയമില്ല.

ഏതൊരു നബിയുടെ കലിമയാണോ ഇവർ ഏറ്റുപറയുന്നത് അല്ലെങ്കിൽ പ്രഖ്യാപിക്കുന്നത്, ആർക്കു വേണ്ടിയാണോ ജീവനും അഭിമാനവും ത്യജിക്കുമെന്ന വാദം പുറപ്പെടുവിക്കുന്നതാണ് ആ നബിയുടെ ഒരു നിർദേശത്തിൽ അൽപമെങ്കിലും ചിന്തിക്കട്ടെ. നബി(സ) പറയുകയുണ്ടായി,-ഇത് ഒരു അടിസ്ഥാന കൽപനയാണ്. ഒരു സഹാബിക്ക് വേണ്ടി മാത്രമായിരുന്നില്ല- നീ ജനങ്ങളുടെ ഹൃദയം തുറന്ന് നോക്കിയിരുന്നോ? ഹൃദയം കൊണ്ടാണോ അല്ലെങ്കിൽ ഭയത്തിലാണോ കലിമ ചൊല്ലുന്നതെന്ന്. ഇവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനേ!

പണ്ഡിതന്മാർ എന്ന് പറയപ്പെടുന്നവർ സ്വന്തം നാമ മാത്രമായ അറിവിന്റെ തോടിൽ നിന്ന് പുറത്തു വരട്ടെ. പൊതുജനങ്ങളെ വഴിതെറ്റിപ്പിക്കുന്നതിനു പകരം അവർക്ക് നീതിയും സത്യവും പറഞ്ഞു കൊടുക്കുന്നതിനായി ശ്രമിക്കുക. ആ അല്ലാഹുവിന്റെ ഫയൽവാന്റെ കൂടെ ചേർന്നുകൊണ്ട് മുഴുവൻ ഗ്രൂപ്പിസത്തേയും അവസാനിപ്പിച്ചുകൊണ്ട് അക്രമവും അനീതിയും വിപാടനം ചെയ്യുക. മതയുദ്ധങ്ങളുടെ സങ്കൽപത്തെ ഇല്ലാതാക്കികൊണ്ട് ഇസ്ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ കാലത്തിന്റെ മസീഹിനാൽ നിർദ്ദേശിക്കപ്പെട്ട മാർഗ്ഗത്തിലൂടെ പ്രചരിപ്പിച്ചുകൊണ്ട് ശത്രുക്കളുടെ ശക്തിയെ നശിപ്പിച്ച് നബിതിരു മേനി(സ)യുടെ പതാകക്ക് കീഴിൽ കൊണ്ടുവരുന്നവരാകുക.

മുഹർറത്തെ സംബന്ധിച്ചുള്ള കാര്യങ്ങളെ കുറിച്ചാണ് ഞാൻ പറഞ്ഞുതുടങ്ങിയിരുന്നത്. ഇപ്പോൾ ഞാൻ കാലത്തിന്റെ മസീഹിന്റെയും മഹ്ദിയുടേയും ചില ഉദ്ധരണികൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്രകാരം പൂർവ്വികരുടെ അഭിമാനത്തെ സ്ഥാപിച്ചുവെന്നും, എപ്രകാരം സഹാബാക്കളുടെ സ്ഥാനത്തെ മനസ്സിലാക്കിയെന്നും, എപ്രകാരം ശിയാസുന്നി ഭിന്നതകളെ വിപാടനം ചെയ്തുവെന്നും, എപ്രകാരം അല്ലാഹുവിന്റെ കൽപനയാൽ ഭൂലോകത്ത് വസിക്കുന്ന മുഴുവൻ മുസ്ലിംകളേയും ഒരു കയ്യിൽ ഒരുമിച്ച് കൂട്ടി ഏകസമുദായമാകുന്ന തിനുള്ള മാർഗ്ഗം പഠിപ്പിച്ചുവെന്നും, പുതിയതായി അംഗങ്ങളായവരും അറിവില്ലാത്ത യുവാക്കളുമായ ലക്ഷക്കണക്കിന് അഹ്മദികൾക്ക് മനസ്സിലാകുന്നതിനായി. അതേപോലെ ചില അവസരങ്ങളിൽ നമ്മുടെ ഖുത്ബ കൾ കേൾക്കുന്ന അനഹ്മദികൾക്ക്, ഈ കാലഘട്ടത്തിൽ **റുഹമാഉ ബൈനഹും** എന്നതിന്റെ യഥാർത്ഥ ചിത്രമാകുന്നതിനായി, ശരിയായ അദ്ധ്യാപനമെന്താണെന്ന് മനസ്സിലാക്കുന്നതിനായി.

അൽപം ചിന്തിക്കുക, മുസ്ലിംകളുടെ ദുർബലാവസ്ഥയിൽ പരിതപിച്ചുകൊണ്ട് കേവലം പ്രത്യക്ഷ സമ്മേളനങ്ങളും ജാഥകളും സംഘടിപ്പിച്ചുകൊണ്ട് അല്ലെങ്കിൽ ഭീകരത സൃഷ്ടിച്ചുകൊണ്ട് ഏതുവരെ സ്വയം തങ്ങളെ ഇസ്ലാമിന് സേവനം ചെയ്യുന്നതിനുള്ള ബാധ്യത നിറവേറ്റുന്നവരായി ധരിച്ചുകൊണ്ടിരിക്കും? ഏതുവരെ ശത്രുക്കൾക്ക് സ്വന്തം നിഷ്ഫലവും ദ്രോഹപരവുമായ പ്രവർത്തനങ്ങളിലൂടെ ഇസ്ലാമിന് മേൽ ആക്രമിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു കൊണ്ടിരിക്കും?

മുസ്ലിം രാഷ്ട്രങ്ങളിലുള്ള അശാന്തിയും അസമാധാനവും സ്വന്തം രാഷ്ട്രങ്ങളിൽ പരസ്പരം ചെയ്യുന്ന ദ്രോഹത്താലോ അല്ലെങ്കിൽ ഇസ്ലാമിന്റെ ശത്രുക്കൾ ഇസ്ലാമിനെ ആക്രമിക്കുന്നതു കാരണമോ ആകട്ടെ ഇതിന്റെ പരിഹാരവും, ശാന്തി സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗവും, മുസ്ലിംകളുടെ പ്രൗഢിയെ വീണ്ടും നിലനാട്ടുന്നതിനുള്ള ശക്തിയും കേവലം അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയുടെ പക്കലാണുള്ളത്. അദ്ദേഹം നബി തിരുമേനി(സ)യുടെ സത്യപ്രേമിയും ആ മഹാത്മാവിന്റെ അദ്ധ്യാപനങ്ങളെ ലോകത്ത് വ്യാപിപ്പിക്കുവാനായി നിയമിക്കപ്പെട്ട വ്യക്തിയുമാണ്.

അദ്ദേഹത്തിന്റെ ചില ഉദ്ധരണികൾ ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. അത് മുഴുവൻ സഹാബാക്കളുടെയും പദവിയിലേക്ക് വെളിച്ചം വീശുന്നതാണ്. അഥവാ ഇക്കാലത്ത് മുസ്ലിംകൾക്ക് തങ്ങളുടെ ഐക്യം സ്ഥാപിക്കണമെങ്കിൽ തങ്ങളുടെ സൗമനസ്യത്തെ നിലനാട്ടണമെങ്കിൽ, ഇസ്ലാമിനെ അന്യരിൽ നിന്ന് രക്ഷിക്കണമെങ്കിൽ, ലോകത്ത് ഇസ്ലാമിന്റെ സന്ദേശം എത്തിച്ച് നബി(സ)യുടെ പതാകക്ക് കീഴിൽ കൊണ്ടുവരണമെങ്കിൽ, ശിയാസുന്നിയുടെ ഭിന്നതയെ ഇല്ലാതാക്കേണ്ടതാണ്. പരസ്പരവർഗ്ഗീയതയെ തുടച്ചു മാറ്റേണ്ടതാണ്. നബി(സ) കൊണ്ടുവന്ന ഇസ്ലാമിക അദ്ധ്യാപനങ്ങളെ പ്രാവർത്തികമാക്കേണ്ടതാണ്. അതിൽ യാതൊരു കക്ഷിയുമുണ്ടായിരുന്നില്ല. അതിലെ ഓരോ സഹാബാക്കളും ത്യാഗങ്ങളുടെ ഓരോ ഉപമയായിരുന്നു. നന്മയുടേയും ഭയഭക്തിയുടേയും മാതൃകയായിരുന്നു. വെളിച്ചവും മാർഗ്ഗദർശനവും ലഭിച്ചിരുന്ന നക്ഷത്രങ്ങളായിരുന്നു. എന്നാൽ ചിലരുടെ പദവി നബി(സ)യുടെ പക്കൽ മറ്റുള്ളവരേക്കാൾ ഉന്നതവുമായിരുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ പദവിക്ക് അല്ലാഹുവും നബി(സ) നൽകിയ മഹത്വം മറ്റുള്ളവർക്ക് ലഭിക്കുക

അസാദ്ധ്യമാണ്. അതുപോലെ ഹദ്റത്ത് ഉമറിന്റെ പദവി, ഹദ്റത്ത് ഉസ്മാന്റെ പദവി, ഹദ്റത്ത് അലിയുടെ പദവി, ഹദ്റത്ത് ഇമാം ഹുസൈന്റേയും ഹസന്റേയും പദവി. ഇത് പടിപടിയായി ഇങ്ങനെ വരുന്നു.

ചുരുക്കത്തിൽ ഈ പദവികളനുസരിച്ച് സഹാബാക്കളെ വീക്ഷിക്കേണ്ടതാണ്. അങ്ങിനെയെങ്കിൽ എല്ലാത്തരത്തിലുമുള്ള കലഹവും തുടച്ചു നീക്കപ്പെടുന്നതാണ്. ഈ എല്ലാ ഭിന്നതകളേയും ഇല്ലാതാക്കുന്നതിനായി ആഖിരീങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗതരായി. ഓരോ നബിയുടേയും നബി(സ)യുടെ ഓരോ സമീപസ്ഥരുടേയും സ്ഥാനം നമുക്ക് പറഞ്ഞുതന്നു കൊണ്ട് അവരുടെ ആദരവും ബഹുമാനവും നിലനാട്ടി.

ഒരിടത്ത് ആ മഹാത്മാവ് പറയുന്നു, സിർറുൽ ഖിലാഫയിൽ അറബിയിലാണ്. അതിന്റെ പരിഭാഷ ഇപ്രകാരമാണ്. അബൂബക്കർ(റ), എല്ലാ സഹാബാക്കളിലും ഏറ്റവും സമുന്നതമഹിമയുള്ള വ്യക്തിയായിരുന്നു എന്ന് എന്നെ അറിയിച്ചിരിക്കുന്നു. അദ്ദേഹം നിസ്സംശയം ആദ്യത്തെ ഖലീഫയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് ഖിലാഫത്തിന്റെ വചനങ്ങൾ ഇറങ്ങി.

സിർറുൽ ഖിലാഫയിൽ നിന്നുള്ള മറ്റൊരു ഉദ്ധരണിയാണ് അതിന്റെ പരിഭാഷ ഇപ്രകാരമാണ്, അല്ലാഹുവാണെ സത്യം, അദ്ദേഹം ഇസ്ലാമിന്റെ രണ്ടാം ആദമും, ഉത്തമമനുഷ്യന്റെ പ്രഥമ പ്രതിപുരുഷനുമാകുന്നു. അദ്ദേഹം നബിയായിരുന്നില്ലെങ്കിലും അദ്ദേഹത്തിൽ നബിമാരുടേയും റസൂൽമാരുടേയും കഴിവുകൾ ഉണ്ടായിരുന്നു.

വീണ്ടും സിർറുൽ ഖിലാഫയിൽ തന്നെ ആ മഹാത്മാവ് പറയുന്നു, ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) സഹാബാക്കളിൽ വെച്ച് ഏറ്റവും ധീരനും, ഭയഭക്തിയുള്ളവനും, നബി തിരുമേനി(സ)യുടെ ഏറ്റവും പ്രിയപ്പെട്ടവനും, വിജയിയായ സേനാപതിയും, പ്രപഞ്ചത്തിന്റെ നേതാവിന്റെ സ്നേഹാതിരേകത്തിൽ ലീനനും, ആരംഭം മുതൽ തന്നെ നബി (സ) യോട് അനുകമ്പയുള്ളവനും, നബി(സ) പ്രവർത്തനങ്ങളിൽ സഹായിയും ആണെന്ന് അല്ലാഹുവിനറിയാമായിരുന്നു. അതിനാലാണ് അല്ലാഹു തന്റെ നബിയുടെ ദുരിതപൂർണ്ണമായ കാലഘട്ടത്തിൽ അദ്ദേഹം മുഖേന സാന്ത്വനം നൽകിയതും അദ്ദേഹത്തെ സിദ്ധീഖ് എന്ന നാമത്തിൽ വിശേഷിപ്പിച്ചതും. അദ്ദേഹം ഇരുലോകത്തിലും നബിയുടെ സാമീപ്യം കരസ്ഥമാക്കി. അല്ലാഹു അദ്ദേഹത്തെ **സാനിയ ഇസ്നൈനി**ന്റെ ബഹുമതി നൽകി അനുഗ്രഹിച്ചുകൊണ്ട് തന്റെ സവിശേഷദാസരിൽ ഉൾപ്പെടുത്തുകയും ചെയ്തു.

മൽഫൂസാത്തിൽ മറ്റൊരിടത്ത് അദ്ദേഹം പറയുന്നു, റസൂൽ തിരുമേനി(സ)യുടെ കാലത്ത് വലിയ വ്യാപാരിയായിരുന്ന ഒന്നാം ഖലീഫ മുസ്ലിമായിക്കൊണ്ട് തുല്യതകളില്ലാത്ത സേവനമർപ്പിച്ചു. അദ്ദേഹത്തിന് സിദ്ധീഖ് എന്ന് വിളിക്കപ്പെടുന്ന പദവി ലഭിച്ചു. ആദ്യത്തെ മിത്രവും ഒന്നാം ഖലീഫയുമായി. എഴുതുന്നു, അദ്ദേഹം വ്യാപാരം ചെയ്ത് തിരിച്ച് വരുമ്പോൾ മക്കയിൽ എത്തുന്നതിന് മുമ്പ് തന്നെ വഴിയിൽ ഒരു വ്യക്തിയെ കണ്ടു, അയാളോട് ചോദിച്ചു. എന്തെങ്കിലും വാർത്ത കേൾപ്പിക്കുക. അയാൾ പറഞ്ഞു, നിങ്ങളുടെ സുഹൃത്ത് പ്രവാചകത്വം വാദിച്ചു എന്നതല്ലാതെ മറ്റൊരു വാർത്തയും ഇല്ല. അബൂബക്കർ അവിടെ നിന്നുകൊണ്ട് പറഞ്ഞു, അഥവാ അദ്ദേഹം അങ്ങിനെ വാദിച്ചിട്ടുണ്ടെങ്കിൽ അത് സത്യമായിരിക്കും.

പിന്നീട് ആ മഹാത്മാവ് പറയുന്നു, ഹദ്റത്ത് അബൂബക്കർ(റ) തന്റെ മുഴുവൻ സമ്പത്തും എല്ലാം തന്നെയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിച്ചു സ്വയം കമ്പിൾ പുതച്ചു. എന്നാൽ അല്ലാഹു അതിനുപകരം അദ്ദേഹത്തിന് എന്താണ് നൽകിയത്? അദ്ദേഹത്തെ മുഴുവൻ അറേബ്യയുടേയും രാജാവാക്കി. അദ്ദേഹത്തിന്റെ കൈകളിൽ തന്നെ ഇസ്ലാമിനെ പുതുതായി ജീവിപ്പിച്ചു. മുർതദ്ദായ അറേബ്യയെ വീണ്ടും വിജയിപ്പിച്ചു കാണിച്ചു. ആരുടേയും സങ്കൽപത്തിൽ പോലും ഇല്ലാതിരുന്നത് നൽകി.

ഹദ്റത്ത് ഉമർ(റ)നെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു, ഹദ്റത്ത് ഉമർ(റ)ന്റെ പദവി സഹാബാക്കളിൽ എത്ര ഉന്നതമായിരുന്നുവെന്നറിയുമോ? ചില അവസരങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് അനുഗുണമായി വിശുദ്ധ ഖുർആൻ ഇറങ്ങുമായിരുന്നു. ശൈത്വാൻ ഉമറിന്റെ നിഴലിനെ ഭയപ്പെടുന്നു എന്ന് അദ്ദേഹത്തെ സംബന്ധിച്ച് ഹദീസിൽ വന്നിരിക്കുന്നു. മറ്റൊരു ഹദീസ് ഇപ്രകാരമാണ്, അഥവാ എനിക്ക് ശേഷം നബി ഉണ്ടെങ്കിൽ ഉമർ നബിയാകുമായിരുന്നു. മൂന്നാമത്തെ ഹദീസ് ഇപ്രകാരമാണ്, മുൻ സമുദായങ്ങളിൽ മുഹദ്ദിസ് ഉണ്ടായിക്കൊണ്ടിരുന്നു. അഥവാ ഈ സമുദായത്തിൽ ഒരു മുഹദ്ദിസുണ്ടെങ്കിൽ അത് ഉമറാണ്.

പിന്നീട് ഹദ്റത്ത് ഉമർ(റ)നെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ഉമറിനും വെളിപാടുണ്ടാകുമായിരുന്നു. അദ്ദേഹം സ്വയം തന്നെ ഒന്നുമായി ഗണിച്ചിരുന്നില്ല. വെളിപാടുണ്ടാകുന്നു അതിനാൽ ഞാൻ വലുതായി എന്നൊന്നും അദ്ദേഹം കരുതിയില്ല. ആകാശത്തിലെ ദൈവം ഭൂമിയിൽ സ്ഥാപിച്ച യഥാർത്ഥ ഇമാമത്തിന്റെ പങ്കാളിയാകാൻ ആഗ്രഹിച്ചില്ല. അതായത്, നബി തിരുമേനി(സ)യ്ക്ക് ലഭിച്ച സ്ഥാനത്തിൽ വെളിപാട് ലഭിച്ചതിനാൽ പങ്കാളിയെന്ന് കരു തിയില്ല. മറിച്ച് സ്വയം തന്നെ എളിയ സേവകനും ദാസനുമായിട്ടാണ് ഗണിച്ചത്. അതുകൊണ്ടാണ് അല്ലാഹുവിന്റെ അനുഗ്രഹം അദ്ദേഹത്തെ യഥാർത്ഥ ഇമാമത്തിന്റെ പ്രതിനിധിയാക്കിയത്. അതായത് ഖിലാഫത്ത് നൽകി അനുഗ്രഹിച്ചു.

പിന്നീട് ഹുജ്ജത്തുല്ലായിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, അറബിയുടെ തർജ്ജമ ഇപ്രകാരമാണ്. റസൂൽ തിരുമേനി(സ) യുടെ അയൽവാസികളായി കണ്ട് വ്യക്തികളെ മറവടക്കിയിരുന്നു. അവർ മാന്യരായിരുന്നു. വിശുദ്ധരായിരുന്നു. സമീപസ്ഥരായിരുന്നു, പരിശുദ്ധരായിരുന്നു. അല്ലാഹു അവർക്ക് ജീവിതത്തിലും വഫാത്തിനു ശേഷവും തങ്ങളുടെ റസൂലിനോട് കൂറുള്ളവരായി നിലനിർത്തി. അതായത് വഫാത്തിനു ശേഷം അടുത്ത് തന്നെ മറവടക്കപ്പെട്ടു. അവസാനം വരെ നിറവേറ്റപ്പെട്ടതാണ് സൗഹൃദം. അതിന്റെ മാതൃക വളരെ കുറച്ചേ കാണപ്പെടൂ. ചുരുക്കത്തിൽ അവർ അനുഗ്രഹീതരാണ്. അവർ നബി തിരുമേനി(സ)യോടൊപ്പം ജീവിതം കഴിച്ചുകൂട്ടി. നബി(സ)യുടെ പട്ടണത്തിൽ നബി (സ) സ്ഥാനത്ത് ഖലീഫയായി നിയമിക്കപ്പെട്ടു. നബി (സ) യുടെ ഖബറിന്നരികിൽ മറവടക്കപ്പെട്ടു. നബി(സ)യുടെ ഖബറിടത്തിന്റെ സ്വർഗ്ഗത്തോടടുപ്പിക്കപ്പെട്ടു. ഖിയാമത്ത് നാളിൽ നബി (സ) യോടൊപ്പം എഴുന്നേൽപ്പിക്കപ്പെടുന്നതാണ്.

ഇനി സിർറുൽ ഖിലാഫയിലെ ഒരു ഉദ്ധരണിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, അതിന്റെ പരിഭാഷ ഇപ്രകാരമാകുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) ഉം ഹദ്റത്ത് ഉമർ ഫാറൂഖ് (റ)ഉം ഹദ്റത്ത് ഉസ്മാൻ (റ) ഉം മാന്യരും വിശ്വാസികളുമായിരുന്നു എന്നാണ് എന്റെ നാഥൻ എന്നിൽ വെളിപ്പെടുത്തിയത്. അവർ അല്ലാഹു തിരഞ്ഞെടുത്തവരിൽ പെട്ടവരും തന്റെ പ്രത്യേക അനുഗ്രഹത്തിനായി സവിശേഷപ്പെടുത്തിയവരുമയിരുന്നു. അല്ലാഹുവാണെ സത്യം അതിൽ അബൂബക്കറിനെയും ഉമറിനെയും സുന്നൂറൈനായ ഉസ്മാനെയും ഇസ്‌ലാമിന്റെ കവാടങ്ങളും ദൈവിക സൈന്യത്തിന്റെ മുന്നണി പ്പടയുമാക്കി.

പിന്നീട് ഹദ്റത് അലി (റ) നെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, അദ്ദേഹം പരമ ഭക്തനും പരിശുദ്ധനുമായിരുന്നു. കാരുണ്യവാനായ ദൈവത്തിന്റെ ഏറ്റവും പ്രിയരിൽ ഉൾപ്പെട്ടവനും ഉന്നത കുലജാതനുമായിരുന്നു. കാലഘട്ടത്തിന്റെ നേതാക്കളിൽ പെട്ട വ്യക്തിയായിരുന്നു. വിജയിയായ സിംഹവും ദയാലുമായ അല്ലാഹുവിന്റെ യുവാവും ആയിരുന്നു. വളരെയധികം ഉദാരമതിയും ശുദ്ധഹൃദയനുമായിരുന്നു. അദ്ദേഹത്തിനെതിരെ ശത്രുക്കളുടെ ഒരു സൈന്യം തന്നെ ഉണ്ടെങ്കിൽ പോലും യുദ്ധമൈതാനത്ത് സ്വന്തം സ്ഥലത്ത് നിന്ന് പിന്മാറാത്ത ഏക ധീരനായിരുന്നു. അദ്ദേഹം എളിമയിൽ ജീവിതം കഴിച്ചുകൂട്ടി. ദോഷങ്ങളെ അകറ്റിനിർത്തുന്നതിൽ ഉന്നത സ്ഥാനം കരസ്ഥമാക്കി. അദ്ദേഹം സമ്പത്തുകൾ നൽകുന്നവനും, സന്താപരുടെ ദുഖങ്ങൾ ദൂരികരിക്കുന്നവനും, അനാഥരെയും, അഗതികളെയും അയൽവാസികളെയും പരിപാലിക്കുന്നവനുമായ ആദ്യ വ്യക്തിയുമായിരുന്നു. വിവിധ യുദ്ധങ്ങളിൽ അദ്ദേഹത്തിൽ നിന്ന് ധീരകൃത്യങ്ങൾ വെളിപ്പെട്ടു. അതായത് അദ്ദേഹത്തിന്റെത് ഉന്നതമായ സ്ഥാനമായിരുന്നു. വാളിന്റെയും കുന്തത്തിന്റെയും യുദ്ധത്തിൽ അദ്ദേഹം അതീവ വിദഗ്ദനായിരുന്നു. അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ സംഭാഷണം മാധുര്യമേറിയതും സാഹിത്യസമ്പുഷ്ടവുമായിരുന്നു.

അതായത് സമാനതകളില്ലാത്ത സാഹിത്യസമ്പുഷ്ടമായ പ്രസംഗമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഹൃദയത്തിന്റെ അഗാധതയിലേക്ക് ചെന്നെത്തുമായിരുന്നു. അദ്ദേഹം തന്റെ വാക്കുകളിലൂടെ മനസ്സുകളിലെ കളങ്കങ്ങൾ ദുരീകരിക്കുമായിരുന്നു. അതിനെ തെളിവുകളുടെ പ്രകാശത്താൽ പ്രശോഭിതമാക്കുമായിരുന്നു. അദ്ദേഹത്തിന് എല്ലാ വിദ്യകളും അറിയുമായിരുന്നു. ഏതെങ്കിലും കാര്യത്തിൽ മഹത്വമുള്ള വ്യക്തി പോലും അദ്ദേഹത്തിനടുത്തേക്ക് പരാജിതനായി ക്ഷമ യാചിച്ച് വരുമായിരുന്നു. അദ്ദേഹം എല്ലാ ഗുണങ്ങളുടെയും സാഹിത്യ സമ്പുഷ്ടതയുടെയും മാർഗങ്ങളിൽ പരിപൂർണനായിരുന്നു. അദ്ദേഹത്തിന്റെ ശ്രേഷ്ടതയെ നിഷേധിച്ചവർ ലജ്ജയില്ലായ്മയുടെ മാർഗത്തിൽ സഞ്ചരിക്കുന്നവരാണ്. അദ്ദേഹം വിവശരായവരുടെ സഹതാപത്തിനായി പ്രോൽസാഹിപ്പിക്കുമായിരുന്നു. ഉള്ളതിൽ തൃപ്തിപ്പെടുന്നവർക്കും പിന്മാറാതെ ആവശ്യപ്പെടുന്നവർക്കും ഭക്ഷണം നൽകാനുള്ള കൽപന നൽകുമായിരുന്നു. അതായത് ആവശ്യപ്പെടാതെ ഉള്ളതിൽ തൃപ്തരാകുന്നവരെയും ശ്രദ്ധിക്കുമായിരുന്നു. ആവശ്യപ്പെടുന്നവരെയും ശാഠ്യം പിടിക്കുന്നവരാണെങ്കിലും ശ്രദ്ധിക്കുമായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ ദാസരിൽപെട്ട വ്യക്തിയായിരുന്നു. അതു പോലെ അദ്ദേഹം വിശുദ്ധഖുർആന്റെ പാത്രത്തിൽ നിന്ന് പാൽ കുടിക്കുന്നവരിൽ മുന്നേറിയ വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന് വിശുദ്ധ ഖുർആന്റെ സങ്കീർണമായ സൂക്ഷ്മജ്ഞാനത്തിന്റെ അത്ഭുതകരമായ അറിവ് ലഭിച്ചിരുന്നു. വിശുദ്ധ ഖുർആന്റെ ജ്ഞാനം, വിശുദ്ധ ഖുർആന്റെ വിജ്ഞാനത്തിന്റെ ആത്മീയ പാൽ അതിൽ അദ്ദേഹം വലിയ അറിവുള്ള വ്യക്തിയായിരുന്നു.

പിന്നീട് നബി (സ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത വേളയിലുള്ള സംഭവത്തെ കുറിച്ച് പരാമർശിച്ചു കൊണ്ട് ഹദ്റത്ത് അലിയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

അപ്പോൾ സ്നേഹത്താലും വിശ്വാസത്താലും ഉന്മത്തനാക്കപ്പെട്ട വ്യക്തിത്വത്തിനുടമയായ ഒരു ആത്മാർത്ഥ പ്രേമി സാഹസികമായി നബി(സ) യുടെ വിരിപ്പിൽ നബി(സ) യുടെ നിർദ്ദേശത്താൽ ശത്രുക്കളുടെ ചാരന്മാർക്ക് നബി (സ) യുടെ യാത്രയെ സംബന്ധിച്ച് അന്വേഷിക്കാതിരിക്കാനായി മുഖം മറച്ചു കൊണ്ട് കിടന്നു. അദ്ദേഹത്തെ റസൂൽ തിരുമേനിയായി ധരിച്ചു കൊണ്ട് വധിക്കാനായി പ്രതീക്ഷിച്ചിരുന്നു.

ഫാർസിയിൽ ആ മഹാത്മാവ് പറയുന്നു.

കസ്ബരെ കസെ സൻനദാഹത്ത്
ജാൻ നഫാഷാനദ് ഇഷ്ക് അസ്ത്
കെ ഈ കാരദ് ബസദ് സിദ് ബനാനത്

അതായത്, ആരും ആർക്ക് വേണ്ടിയും കഴുത്തു വെട്ടിക്കുന്നതല്ല. ജീവനും നൽകില്ല. പ്രേമം മാത്രമാണ് ഇതിനെ വളരെ ഉൽസാഹത്തോടും ആത്മാർത്ഥതയോടും കൂടി ചെയ്യിപ്പിക്കുന്നത്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് അലിയോടും ഹദ്റത്ത് ഹുസൈനോടും തന്റെ സദൃശ്യത വിവരിച്ച് കൊണ്ട് പറയുന്നു.

എനിക്ക് അലിയുമായും ഹുസൈനുമായും സൂക്ഷമമായ സദൃശ്യതയുണ്ട്. ഈ രഹസ്യത്തെ കിഴക്കിന്റെയും പടിഞ്ഞാറിന്റെയും നാഥനല്ലാതെ മറ്റാർക്കും അറിയില്ല. നിശ്ചയമായും ഞാൻ ഹദ്റത് അലി(റ) നെയും അദ്ദേഹത്തിന്റെ രണ്ട് മക്കളെയും സ്നേഹിക്കുന്നു. അവർ രണ്ടു പേരുടെയും ശത്രുക്കളെ ഞാൻ ശത്രുവായി കണക്കാക്കുന്നു.

ഹദ്റത്ത് ഹസനെയും ഹുസൈനെയും സംബന്ധിച്ച് -രണ്ടുപേരുടേയും സ്വന്തം സ്വന്തം പ്രവർത്തനങ്ങളായിരുന്നു. സ്വയം ഒരു പദവി ഉണ്ടായിരുന്നു. പറയുന്നു. ഹദ്റത്ത് ഹസൻ(റ) എന്റെ അഭിപ്രായത്തിൽ വളരെ നല്ല കാര്യമാണ് ചെയ്തത്. ഖിലാഫത്തിൽ നിന്ന് വിട്ടകന്നു. നേരത്തെ തന്നെ ആയിരക്കണക്കിന് പേരിൽ വധിക്കപ്പെട്ടു. ഇനിയും മരണമുണ്ടാകുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതു കൊണ്ട് മുആവിയക്ക് അടിയറവ് വെച്ചു. ഹദ്റത്ത് ഹസന്റെ ഈ പ്രവർത്തി കാരണത്താൽ ഷിയാക്കളിൽ അപമാനം ഉണ്ടാകുമെന്ന കാരണത്താൽ ഹദ്റത്ത് ഇമാം ഹസൻ (റ) ൽ പൂർണ്ണ തൃപ്തരായിരുന്നില്ല. ഷിയാക്കൾ ഹദ്റത്ത് അലിയുടെ സന്താനങ്ങളെ കുറിച്ച് പറയുമ്പോൾ ഹദ്റത്ത് ഹുസൈനെ കുറിച്ച് പറയുന്ന അത്ര താൽപര്യം അവർ ഹദ്റത്ത് ഹസനിൽ കാണിക്കുന്നില്ല. അതിനാൽ പറയുന്നു. അതുകൊണ്ട് ഒന്നും സംഭവിച്ചിട്ടില്ല. നാം രണ്ടു പേരെയും പ്രശംസിക്കുന്നു. യഥാ

ർത്ഥത്തിൽ ഓരോ വ്യക്തിയുടെയും വ്യത്യസ്ഥ കഴിവുകളാണുള്ളത്. മുസ്‌ലിംകളിൽ അഭ്യന്തര യുദ്ധം ആളിപ്പടരാൻ ഹദ്റത്ത് ഇമാം ഹസൻ ആഗ്രഹിച്ചില്ല. അദ്ദേഹം സമാധാനത്തിന് മുൻഗണന നൽകി. ഹദ്റത്ത് ഇമാം ഹുസൈൻ (റ) അധർമിയും ധിക്കാരിയുമായ ഒരുത്തന് ബയ്അത്ത് ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. എന്തെന്നാൽ അതു മുഖേന ദീനിൽ നാശം ഉണ്ടാകുന്നു. രണ്ടു പേരുടെയും ലക്ഷ്യം നന്മയായിരുന്നു. **ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി.**

യസീദിന്റെ കൈകളാലും ഇസ്‌ലാമിന് അഭിവൃദ്ധിയുണ്ടായി എന്നത് മറ്റൊരു കാര്യമാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ് അവർ ഇഛിക്കുന്നതായാൽ അധർമ്മികളുടെ കൈകളാലും അഭിവൃദ്ധി ഉണ്ടാകുന്നു. യസീദിന്റെ മകൻ സദ്‌വൃത്തനായിരുന്നു. അതായത് നല്ല വ്യക്തിയായിരുന്നു. ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. പ്രവാചകന്മാരും അതുപോലെ അല്ലാഹുവിന്റെ സദ്‌വൃത്തരായ ദാസരും ലോകത്തിന് ഒരു മാതൃകയായി കൊണ്ടാണ് വരുന്നത് എന്നതെപ്പോഴും ഓർക്കേണ്ടതാണ്. ഈ മാതൃകയനുസരിച്ച് നീങ്ങാൻ ഇഷ്ടപ്പെടാത്തവർ, എന്നാൽ അവർക്ക് സുജൂദ് ചെയ്യാനും അവർ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നവരാണെന്ന് മനസ്സിലാക്കുന്നവരും അതായത് മറയത്ത് നിൽക്കുന്നവർ, അതിശയോക്തി കൂടി കൂടി, മാതൃകയില്ലെങ്കിലും സുജൂദ് ചെയ്യാൻ തുടങ്ങുകയും തങ്ങളുടെ ആവശ്യങ്ങളെ പൂർത്തിയാക്കുന്നവരായി മനസ്സിലാക്കുകയും ചെയ്യുന്നു. അവർ ഒരിക്കലും അല്ലാഹുവിന്റെ പക്കൽ വിലമതിക്കപെടുന്നവരല്ല. മറിച്ച് മരണശേഷം ആ ഇമാം അവരിൽ നിന്ന് അകന്നു നിൽക്കുന്നതായി കാണുന്നതാണ്. അതേപോലെ ഹദ്റത്ത് അലി (റ) ന്റെയും ഹദ്റത്ത് ഹുസൈൻ (റ)ന്റെയും പദവികളെ വളരെയധികം ഉയർത്തുന്നവർ അവരെ ആരാധിക്കുന്നവരെ പോലെയാണ്. അവർ ഇമാം ഹുസൈന്റെ അനുയായികളിൽ പെട്ടവരല്ല. ഇമാം ഹുസൈൻ(റ) അതിൽ സന്തോഷിക്കില്ല. പ്രവാചകർ(സ) എപ്പോഴും അനുധാവനത്തിനുള്ള മാതൃകയായിട്ടാണ് ആഗതരാകുന്നത്. അനുധാവനമില്ലാതെ ഒന്നും ഇല്ല എന്നതാണ് വാസ്തവം. അതായത് യഥാർത്ഥ പ്രവർത്തനരീതി അവരുടെ മാർഗത്തെ അവലംഭിക്കുക എന്നതാണ്. സദ്‌വൃത്തരെ പ്രത്യേകിച്ച് പ്രവാചകന്മാരെ.

വീണ്ടും അഹ്മദികളെ ഉപദേശിച്ചു കൊണ്ട് മസീഹ് മൗഊദ് (അ) പറയുന്നു. ഏതോ അഹ്മദി ഹദ്റത്ത് ഇമാം ഹുസൈൻ (റ) നെ സംബന്ധിച്ച് നടത്തിയ തെറ്റായ പരാമർശത്തെ കുറിച്ച് മസീഹ് മൗഊദ് (അ) ന് അറിവ് ലഭിക്കുകയും അദ്ദേഹം അതിൽ ശക്തമായ നീരസം പ്രകടിപ്പിച്ചു കൊണ്ട് അഹ്മദികളോട് പറഞ്ഞു.

ഒരു വ്യക്തിയുടെ കാർഡ് മുഖേന എനിക്ക് ലഭിച്ച അറിവ്, തന്നെ ഈ ജമാഅത്തുമായി ബന്ധപ്പെടുത്തി പറയുന്ന ഒരു പാമരൻ, ഇമാം ഹുസൈനെ കുറിച്ച് ഇത്തരത്തിൽ പരാമർശിക്കുന്നു. അതായത് نَعُوْذُ بِاللهِഇമാം ഹുസൈൻ കാല ത്തിന്റെ ഖലീഫയായ യസീദിന് ബയ്അത്ത് ചെയ്തില്ല. കുഴപ്പക്കാരനായിരുന്നു. യസീദ് സത്യത്തിലായിരുന്നു. **ലഅ്നത്തുല്ലാഹി അലൽ കാദിബീൻ**. എന്റെ പ്രസ്ഥാനത്തിലെ സദ്പ്രകൃതക്കാരുടെ നാവിൽ നിന്നും ഇത്തരം വാക്കുകൾ പുറപ്പെടും എന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ അതോടോപ്പം എന്റെ മനസ്സിൽ വരുന്നത് അധികം ഷിയാക്കളും തങ്ങളുടെ അസഭ്യം പറച്ചിലും ശപിക്കലിലും എന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. അതായത് എന്നെയും അസഭ്യം പറഞ്ഞു കൊണ്ടിരിക്കുന്നു. അതിനാൽ ഏതെങ്കിലും അജ്ഞനായ വകതിരിവില്ലാത്ത ആൾ വിഢിത്തത്തിന് മറുപടിയായി വിഢിത്തം പറഞ്ഞതാകാം. ചില പാമരന്മാരായ മുസ്‌ലിംകൾ ഏതെങ്കിലും കൃസ്ത്യാനിയുടെ നബി(സ) യുടെ മഹത്വത്തിനെതിരിലുള്ള അസഭ്യത്തിന് പകരമായി ഹദ്റത്ത് ഈസാ (അ) നെ സംബന്ധിച്ച് ചില കഠിനവാക്കുകൾ പറയുന്നതു പോലെ. ഏതായാലും ഞാൻ ഈ വിജ്ഞാപനം മുഖേന എന്റെ ജമാഅത്തിനെ അറിയിച്ചുകൊള്ളുന്നു. നാം വിശ്വസിക്കുന്നത് യസീദ് ദുൻയാവിലെ മലീമസമായ ഒരു കീടമായിരുന്നു, ദ്രോഹിയായിരുന്നു എന്നാണ്. ഏതെങ്കിലും കാരണത്താൽ ആരെയെങ്കിലും നാം വിശ്വാസി എന്ന് പറയുന്നുവോ അത് അയാളിൽ ഉണ്ടായിരുന്നില്ല. വിശ്വാസിയാകുക എളുപ്പമുള്ള കാര്യമല്ല. അല്ലാഹു ഇത്തരക്കാരെ സംബന്ധിച്ച് പറയുന്നു.

قَالَتِ الْاَعْرَابُ اٰمَنَّا ؕ قُلْ لَّمْ تُؤْمِنُوْا وَلٰكِنْ قُوْلُوْٓا اَسْلَمْنَا

ഹൃദയത്തിൽ ഈമാൻ രേഖപ്പെടുത്തുന്നവരാണ് വിശ്വാസികൾ. അവർ അല്ലാഹുവിന്റെ പ്രീതിക്ക് മറ്റെല്ലാത്തിനുപരി സ്ഥാനം നൽകുന്നു. തഖ്‌വയുടെ സൂക്ഷമവശങ്ങളെ ഉൾകൊണ്ട് കൊണ്ട് പ്രേമത്തിൽ വിലയം പ്രാപിക്കുന്നു. ദൈവത്തിൽ നിന്നും തടഞ്ഞ് കൊണ്ടിരിക്കുന്ന എല്ലാ ബിംബങ്ങളിൽ നിന്നും അത് ധാർമികപരമായതാണെങ്കിലും, കർമവൈകല്യങ്ങളാണെങ്കിലും, അലസതയും മടിയുമാണെങ്കിലും, എല്ലാത്തിൽ നിന്നും തന്നെ അകറ്റി നിർത്തുന്നു.

എന്നാൽ യസീദെന്ന ദുർഗദന് ഇതെവിടെ പ്രാപ്യമായിരുന്നു. ഇഹഭോഗതൽപരത അയാളെ അന്ധനാക്കി മാറ്റി. എന്നാൽ ഇമാം ഹുസൈൻ (റ) പരിശുദ്ധ പ്രകൃതത്തിനുടമയായിരുന്നു. സുനിശ്ചിതമായും ദൈവം തന്റെ കരങ്ങളാൽ സംശുദ്ധീകരിക്കുന്ന വിശുദ്ധന്മാരുടെ ഗണത്തിലാണദ്ദേഹം ഉൾപ്പെട്ടിരിക്കുന്നത്. തന്റെ പ്രേമത്തിൽ ലയിച്ച് ചേരുന്നവരിലുൾപ്പെട്ടിരുന്നു. നിശ്ചയമായും അദ്ദേഹം സ്വർഗത്തിലെ നേതാക്കളിൽ പെട്ട വ്യക്തിയാണ്. അദ്ദേഹത്തൊട് അൽപം പോലും വിദ്വേഷം പുലർത്തുക എന്നത് വിശ്വാസം നഷ്ടപ്പെടുന്നതിന് നിമിത്തമായിതീരുന്നതാണ്. ഈ ഇമാമിന്റെ ദൈവസ്നേഹം, ദൈവഭക്തി, സഹനം, സ്ഥൈര്യം, പരിത്യാഗം, അരാധന എന്നിവ നമുക്കായി സദ്മാതൃകയാണ്. നാം ഈ നിഷ്കളങ്കന് ലഭ്യമായ ഹിദായത്തിനെ അനുധാവനം ചെയ്യുന്നവരാണ്. അദ്ദേഹത്തോട് ശത്രുതയുള്ള ഹൃദയം നശിപ്പിക്കപ്പെട്ടു. കർമ്മപരമായി അദ്ദേഹത്തോട് സ്നേഹമുള്ള ഹൃദയം വിജയം വരിച്ചു. അദ്ദേഹത്തിന്റെ വിശ്വാസത്തേയും, സ്വഭാവത്തേയും, ധീരതയേയും, ദൈവ ഭക്തിയേയും, സ്ഥൈര്യത്തേയും ദൈവപ്രേമത്തേയും പ്രതിബിംബമെന്നോണം പൂർണ്ണമായും ഒരു വൃത്തിയുള്ള കണ്ണാടിയിൽ സുന്ദരനായ വ്യക്തിയുടെ രൂപം ദൃശ്യമാകുന്നതു പോലെ തങ്ങളിൽ സ്വാംശീകരിക്കുന്നവർ വിജയിച്ചു. ഇവർ ഭൗതിക കണ്ണുകളിൽ നിന്നു അദൃശ്യരാണ്. അവരുടെ സ്ഥാനത്തെ മനസ്സിലാക്കിയവർ ആരാണ്? അവരിൽ പെട്ടവർ തന്നെയാണ് അത് മനസ്സിലാക്കിയവർ. ഭൗതിക കണ്ണുകൾക്ക് അവരെ തിരിച്ചറിയാൻ കഴിയില്ല. എന്തെന്നാൽ അവർ ഈ ലോക

ത്തിന് വിദൂരസ്ഥരാണ്. ഇക്കാരണത്താണ് ഹുസൈൻ ശഹീദാക്കപ്പെട്ടത്. കാരണം അദ്ദേഹം തിരിച്ചറിയപ്പെട്ടില്ല. ലോകം എപ്പോഴാണ് അതിന്റെ കാലഘട്ടത്തിലെ സദ്‌വൃത്തനെ സ്നേഹിച്ചത്? പിന്നെ എങ്ങിനെയാണ് ഹുസൈനെ സ്നേഹിക്കുക. ചുരുക്കത്തിൽ ഇമാം ഹുസൈനെ അവമതിക്കുക എന്നത് വലിയ ദൗർഭാഗ്യതയും വിശ്വാസരാഹിത്യവുമായിരിക്കും. ആയതിനാൽ ആരെങ്കിലും ഇമാം ഹുസൈനെയോ മറ്റ് പരിശുദ്ധരായ ഇമാമീംകളെയൊ നിഷേധിക്കുകയോ ഏതെങ്കിലും പരിഹാസ ലാഞ്ചനയോടുള്ള പദങ്ങൾ തന്റെ നാവിൽ കൊണ്ടു വരികയോ ചെയ്യുകയാണെങ്കിൽ അയാൾ തന്റെ ഈമാനെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആരാണോ അല്ലാഹുവിന്റെ പ്രിയങ്കരുടെ ശത്രുവായി തീരുന്നത്, പ്രതാപവാനായ അല്ലാഹു അവരുടെ ശത്രുവായിത്തീരുന്നു. എന്നെക്കുറിച്ച് മോശമായി പറയുകയോ ശപിക്കുകയോ ചെയ്യുന്ന വ്യക്തിയോട് പകരം ചോദിച്ചുകൊണ്ട് ഏതെങ്കിലും സദ്വൃത്തനും ദൈവപ്രേമിയുമായ വ്യക്തിക്കെതിരിൽ വക്രമായ വാക്കുച്ചരിക്കുന്നത് കഠിനമായ അനുസ രണക്കേടാകുന്നു. അത്തരം അവസരങ്ങളിൽ ക്ഷമിക്കുകയും അല്പമതിയായ ശത്രുക്കൾക്കായി ദുആ ചെയ്യുകയാണ് ഉത്തമം. കാരണം ഞാൻ ആരിൽ നിന്നാണെന്നവർ മനസ്സിലാക്കിയിരുന്നെങ്കിൽ ഒരിക്കലും മോശമായി പറയില്ലായിരുന്നു.

വീണ്ടും അവിടുന്നു പറയുന്നു, അല്ലാഹുവിന്റെ പ്രിയർക്ക് സ്വീകാര്യർക്കും ആത്മീയ കുടുംബം എന്ന പദവി അനുയോജ്യമാണ്-ദുറൂദ് ശരീഫിൽ മുഹമ്മദിന്റെ കുടുംബത്തിനും എന്ന് നാം ചൊല്ലുന്നു- പറയുന്നു, ആത്മീയ കുടുംബം എന്ന പദം അല്ലാഹുവിന്റെ പ്രിയർക്കും സ്വീകാര്യർക്കും വേണ്ടിയുള്ളതാണ്. ആ ആത്മീയ കുടുംബം -ഹസൻ ഹുസൈനെക്കുറിച്ചുള്ള അല്ലെങ്കിൽ അഹ്‌ലെ ബയ്അത്തിനെ ക്കുറിച്ചുള്ള പരാമർശമാണ്-ആ ആത്മീയ കുടുംബം ആത്മീയ മാതാമഹനിൽ നിന്ന് പിന്തുടർച്ചയായി ലഭിക്കുന്നു. അതിനെ ആർക്കും തന്നെ അപഹരിക്കാൻ സാധ്യമല്ല. മറ്റാർക്കും തന്നെ അന്യായമായി കൈവശപ്പെടുത്താൻ സാധിക്കാത്ത ഉദ്യാനത്തിന്റെ അവകാശികളാകുന്നു. ചുരുക്കത്തിൽ ഈ തരം താണ ചിന്ത ഇസ്‌ലാമിൽ ഉടലെടുത്തത് അവരുടെ ആത്മാവ് മൃതിയടഞ്ഞപ്പോഴാണ്. അവർക്ക് ആത്മീയമായി കുടുംബമാണെന്നതിന്റെ ഒരംശവും ലഭിച്ചില്ല. അതിനാൽ ആത്മീയ സമ്പത്തിൽ നിന്ന് അനാഥരായതുകൊണ്ട് അവർ അപകടരായി. അവരുടെ ഹൃദയം അലസമായി. ഹദ്റത്ത് ഇമാം ഹുസൈൻ ഹദ്റത്ത് ഇമാം ഹസൻ (റ അൻഹുമാ) അല്ലാഹുവിൻെറ സദ്‌വൃത്തരും, ഔന്നിത്യം കരസ്ഥമാക്കിയവരും, പവിത്രരും, നേർമാർഗ്ഗത്തിന്റെ നേതാക്കളുമായിരുന്നു എന്നതിൽ ഏത് വിശ്വാസിക്കാണ് എതിർ ന്യായമുള്ളത്. നിശ്ചയമായും അവർ രണ്ട് നിലയിലും നബി(സ)യുടെ കുടുംബമായിരുന്നു. അഥവാ ഹദ്റത്ത് ഇമാം ഹുസൈനും ഇമാം ഹസ്സനും(റ) നബി(സ) യുടെ കേവലബന്ധത്തിന്റെ അടിസ്ഥാനത്തിൽ കുടുംബമല്ലാതിരുന്നാൽ തന്നെയും ആത്മീയബന്ധം കാരണത്താൽ അല്ലാഹുവിന്റെ പക്കൽ കുടുംബമാകുമായിരുന്നു എന്നുള്ളതാണ് യഥാർത്ഥ ജ്ഞാനികളുടെ വിശ്വാസം. നിസ്സംശയം നബി തിരുമേനി(സ) യുടെ ആത്മീയ സമ്പത്തിന്റെ അവകാശികളാകുമായിരുന്നു. നശ്വരമായ ശരീരത്തിന്റെ ഒരു ബന്ധമുണ്ടാകുമ്പോൾ ആത്മാവിന്റെ യാതൊരു ബന്ധവുമില്ലെ? ആത്മാവിന്റെയും ബന്ധമുണ്ടാകുന്നു എന്നതാണ് ഹദീസിൽ നിന്നും, സ്വയം വിശുദ്ധ ഖുർആനിൽ നിന്നും സ്ഥാപിതമാകുന്നത്. ആരംഭം മുതൽ സൗഹൃദവും ശത്രുതയും ഉണ്ടാകുന്നു. അനശ്വരവും അനന്തവുമായ നിലയിൽ റസൂലിന്റെ കുടുംബമാകുക എന്നതാണൊ അതോ ശാരീരികമായി റസൂലിന്റെ കുടുംബമാകുന്നതാണോ അഭിമാനാർഹം എന്ന് ഇനി ഒരു ബുദ്ധിമാന് ചിന്തിക്കാവുന്നതാണ്. അത് ദൈവ ഭക്തിയും പരിശുദ്ധിയും വിശ്വാസവുമില്ലാതെ ഒന്നും തന്നെയല്ല. ഇത് കൊണ്ട് റസൂൽ (സ) യുടെ അഹ്‌ലെ ബയ്അത്തിനെ അവഹേളിക്കുന്നു എന്നാരും ധരിക്കരുത്. അതായത് അവിടുന്ന് പറയുന്നു, ആത്മീയകുടുംബമാകുക എന്നത് ശാരീരിക കുടുംബമാകുന്നതിനേക്കൾ ഉത്തമമാണ്. പറയുന്നു, നബി തിരുമേനി (സ) യുടെ അഹ്‌ലെ ബയ്അത്തിനെ അവഹേളിക്കുകയാണ് എന്നാരും ധരിക്കരുത്. മറിച്ച് ഹദ്റത്ത് ഇമാം ഹുസൈന്റെയും ഇമാം ഹസന്റെയും (റ) ശ്രേഷ്ഠത കേവലം ശാരീരിക കുടുംബമാണ് എന്നതിൽ മാത്രമല്ല എന്നുള്ളതാണ് ഇത് രേഖപ്പെടുത്തുന്നതു കൊണ്ടുള്ള നമ്മുടെ ഉദ്ദേശ്യം. കാരണം ആത്മീയ ബന്ധമില്ലെങ്കിൽ അത് തികച്ചും നിരർത്ഥകമാണ്. ശാരീരികമായ നിലയിൽ കുടുംബക്കാരായിരുന്നു എന്നതല്ല അവരുടെ ശ്രേഷ്ഠത, മറിച്ച് ആത്മീയ ബന്ധത്തിലാണ് ശ്രേഷ്ഠത.

പിന്നീട് പറയുന്നു, ആത്മീയമായ നിലയിൽ അദ്ദേഹത്തിന്റെ കുടുംബത്തിലംഗമായവരോടാണ് യഥാർത്ഥത്തിൽ റസൂൽ (സ) തിരുമേനിയുടെ ബന്ധം. പ്രവാചകൻമാരുടെ അറിവും പ്രകാശവും ആത്മീയ റസൂൽമാർക്കായി കുട്ടികളെപ്പോലെയാണ്. അത് പരിശുദ്ധ വ്യക്തിത്വത്തിൽ നിന്നാണ് ഉടലെടുക്കുന്നത്. അതായത് അവരിൽ പ്രചരിച്ചിട്ടുള്ള വിദ്യാഭ്യാസവും അറിവും ആത്മീയ ജ്ഞാനവും ആകുന്നു യഥാർത്ഥ വസ്തുത. ആ അറിവിൽ നിന്നും പ്രകാശത്തിൽ നിന്നും നവജീവൻ കരസ്ഥമാക്കുന്നവരാണ്, ആ പ്രകാശത്തിൽ നിന്നും ഒരു പുതിയ ജീവിതം കരസ്ഥമാക്കുന്നവരാണ് ആത്മീയമായി റസൂലിന്റെ കുടുംബം എന്ന് വിളിക്കപ്പെടുന്നത്.

ചുരുക്കത്തിൽ ഓരോ അഹ്‌മദിയും ഓരോ മുസ്‌ലിമും റസൂൽ തിരുമേനി (സ) യുടെ ഈ അദ്ധ്യാപനത്തെ പ്രാവർത്തികമാക്കുന്നവരാണെങ്കിൽ, അവിടുത്തെ പ്രകാശത്തിൽ നിന്ന് ഫലമെടുക്കുന്നവരാണെങ്കിൽ, അവിടുത്തെ യഥാർത്ഥ അദ്ധ്യാപനത്തെ പ്രാവർത്തികമാക്കുന്നവരാണെങ്കിൽ അവർ ആലെ മുഹമ്മദിൽ (മുഹമ്മദിന്റെ കുടുംബത്തിൽ) ഗണിക്കപ്പെടുന്നതാണ്.

ഓരോ മുസ്‌ലിമും സ്വായത്തമാക്കേണ്ട യഥാർത്ഥ മാർഗ്ഗമാണിത്. ഓരോ സാത്വികരുടെയും പദവിയെ തിരിച്ചറിഞ്ഞു കൊണ്ട് അവരെ ആദരിക്കുക, അവരെ ബഹുമാനിക്കുക. പരസ്പരമുള്ള കലഹങ്ങളെയും, കൊള്ളയെയും, കൊലയെയും അവസാനിപ്പിക്കുക. ഈ കൊല്ലും കൊലയിലും, കലഹത്തിലും, മുസ്‌ലിം മുസ്‌ലിമിനെ കൊല്ലുന്നതിലും ഇസ്‌ലാമിന്റെ എതിരാളികളുടെ കയ്യുണ്ടാകുക എന്നത് വിദൂരമല്ല. അവർ മുസ്‌ലിമുകളിൽ ഗ്രൂപ്പുകളുണ്ടാക്കി, പൈസ നൽകി, പണം ചിലവഴിച്ച് കലങ്ങളുണ്ടാക്കുന്നു. അല്ലെങ്കിൽ സ്വയം അതിൽ ഉൾപ്പെട്ട് ഇതെല്ലാം ചെയ്യുന്നു. ശിയാക്കളിലൂടെ ഉണ്ടാകുന്ന അക്രമണത്തിനും പള്ളികളിൽ ഉണ്ടാകുന്ന ആക്ര

മണത്തിനും പിന്നിൽ ഭരണകൂടം ഭീകരവാദികളായി മുദ്ര കുത്തിയ സംഘടനയുടെ കയ്യുണ്ട്. ഭീകരവാദികളെ സംബന്ധിച്ച് ഭരണകൂടത്തിന്റെ റിപ്പോർട്ടനുസരിച്ച് -പാകിസ്ഥാനും ഉൾപ്പെടുന്നു - ഇതിൽ മുസ്‌ലിംകളല്ലാത്തതും ഉൾപ്പെടുന്നു എന്നതാണ്. കലഹം ഉണ്ടാക്കാനായി പുറത്ത് നിന്ന് വന്നവരാണ്. അല്ലാഹു സമുദായത്തിന് മേൽ കരുണ ചൊരിയട്ടെ. ഇവർക്ക് ഒന്നാകുന്നതിനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെ. അഹ്മദികളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, മറ്റ് മുസ്‌ലിം സംഘടനകളും പരസ്പരം പക വീട്ടുന്നു. ഒരാളെ അക്രമിച്ചാൽ മറ്റവരും അക്രമിക്കുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ വന്നതിനാൽ, മുഴുവൻ സംഘടനകളും ഒത്തുചേർന്നു കൊണ്ട് ചെയ്യുന്ന അതിക്രമങ്ങൾ ഉണ്ടായിട്ട് പോലും നമ്മുടെ മനസ്സിൽ ഒരിക്കലും പകയുടെ അഗ്നി ഉണ്ടാകരുത്. ഓരോ അതിക്രമത്തിനു ശേഷവും നമ്മിൽ ഓരോരുത്തരും നന്മയിലും, ദൈവഭക്തിയിലും മുന്നേറേണ്ടതാണ്. മുമ്പത്തെക്കാളുപരി അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ദുആയിൽ മുഴുകേണ്ടതാണ്.

ഹദ്റത്ത് ഇമാം ഹുസൈൻ(റ) നമ്മുടെ മുന്നിൽ നിലനാട്ടിയ ത്യാഗത്തിന്റെ പ്രവർത്തന മാതൃക നമുക്ക് മാർഗ്ഗദർശിയാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇക്കാര്യത്തെ മുൻനിർത്തിക്കൊണ്ട് ഒരു പദ്യശകലത്തിൽ ജമാഅത്തിനെ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി

വോ തും കോ ഹുസൈൻ ബനാതെ ഹെ
ഔർ ആപ് യസീദി ബൻതേ ഹെ
യെ ക്യാ ഹീ സസ്താ സൗദാ ഹെ
ദുശ്മൻ കോ തീർ ചലാനെ ദോ

(അവർ നിങ്ങളെ ഹുസൈൻ ആക്കിക്കാണ്ട്
സ്വയം യസീദുകളായിത്തീരുന്നു.
ഇതെത്ര ആദായകരമായ കച്ചവടമാണ്,
ശത്രുക്കളെ അമ്പെയ്യാൻ അനുവദിച്ചുകൊള്ളുക.)

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് ഇമാം ഹുസൈൻ(റ) നെ സംബന്ധിച്ച് സ്വർഗ്ഗത്തിലെ നേതാക്കന്മാരിൽ പെട്ടവരാണെന്ന് പറയുകയുണ്ടായി. അദ്ദേഹം നമുക്ക് സഹനത്തിന്റെയും സ്ഥൈര്യത്തിന്റെയും പാഠം നൽകിക്കൊണ്ട് സ്വർഗ്ഗത്തിന്റെ മാർഗ്ഗം കാണിച്ചു തന്നിരിക്കുന്നു. ഈ ദിനങ്ങളിൽ, മുഹർറത്തിന്റെ ദിനങ്ങളിൽ വിശേഷിച്ച് സ്വന്തം സഹനത്തിനും സ്ഥൈര്യത്തിനും വേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം ശത്രുക്കളുടെ അക്രമണത്തിൽ നിന്ന് രക്ഷ നേടുന്നതിനായും **റബ്ബി കുല്ലി ശൈഇൻ ഖാദിമുക്ക റബ്ബീ ഫഹ്ഫള്നീ വൻസുർനീ വർഹംനീ** എന്ന ദുആയും ധാരാളമായി ചൊല്ലുക. സംരക്ഷിതരായിരിക്കാൻ ഈ ദുആ ധാരാളമായി ആവർത്തിക്കേണ്ട ആവശ്യമുണ്ട് എന്ന് മുമ്പും ഞാൻ പറഞ്ഞിരുന്നു **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദു ബിക്ക മിൻ ശുറൂരിഹിം** എന്ന ദുആയും ധാരാളമായി ചൊല്ലുക. കഴിഞ്ഞ ഖുത്വുബയിലും മുൻപും ദുറൂദ് ശരീഫ് ചൊല്ലിക്കൊണ്ടിരിക്കുന്നതിനായി പറഞ്ഞുകൊണ്ടിരുന്നു. ഇതിലേക്ക് കൂടുതലായി ശ്രദ്ധിക്കുക. അല്ലാഹു ഓരോ അഹ്മദിയെയും തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. നമുക്കെതിരിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന ശത്രുക്കൾക്കെതിരിൽ പ്രത്യേക സഹായവും പിന്തുണയും നൽകട്ടെ. നമ്മിൽ കരുണ ചൊരിഞ്ഞുകൊണ്ട് അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ ഓരോ അക്രമണത്തിൽ നിന്നും ഓരോ ജമാഅത്തംഗങ്ങളെയും ജമാഅത്തിനെയും സുരക്ഷിതമാക്കട്ടെ. ജമാഅത്തിനെതിരിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഇവരുടെ എല്ലാ പദ്ധതികളെയും അല്ലാഹു അവരിലേക്ക് തന്നെ മടക്കട്ടെ. നമ്മെ റസൂൽ തിരുമേനി (സ) യുടെ യഥാർത്ഥ കുടുംബത്തിൽ അംഗമാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് യഥാർത്ഥ സ്ഥാനം ആത്മീയ കുടുംബത്തിന്റെ തന്നെയാണെന്നാണ്. ശാരീരിക ബന്ധം ഉണ്ടെങ്കിൽ അതൊരു അനുഗ്രഹമാകുന്നു. എന്നാൽ ശാരീരിക കുടുംബം ആകുകയും ആത്മീയ കുടുംബമാകാൻ ശ്രമിക്കുകയും ചെയ്യുന്നില്ലായെങ്കിൽ ഒരിക്കലും തന്നെ റസൂൽ തിരുമേനി (സ) കുടുംബവുമായി ബന്ധപ്പെട്ട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ കരസ്ഥമാകുന്നതല്ല.

അതിനാൽ എപ്പോഴും നാം ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ദുറൂദ് ശരീഫ് ചെല്ലുമ്പോഴെല്ലാം തന്നെ നാം എത്ര കണ്ട് ഈ ദുറൂദിൽ നിന്നും ഫലമെടുക്കുന്നതിനായി നബി (സ) കൊണ്ടുവന്ന അദ്ധ്യാപനങ്ങളെ പ്രാവർത്തികമാക്കുന്നതിനായി ശ്രമിച്ചിട്ടുണ്ട്, എത്ര കണ്ട് കാലത്തിന്റെ ഇമാമിൽ ബയ്അത്ത് ചെയ്തുകൊണ്ട് വിശുദ്ധ ഖുർആന്റെ ഭരണത്തെ സ്വന്തം തലയിൽ സ്വീകരിക്കുന്നവരാണ് എന്ന് പരിശോധിക്കേണ്ടതാണ്.

ഈ സ്വാത്വികരുടെ പദവിയുടെ സ്മരണയും, അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ നമ്മോടുള്ള ദ്രോഹവും, ചില ഭരണകൂടങ്ങൾ നമ്മോടുള്ള ദ്രോഹത്തിൽ ഭാഗമാക്കാവുന്നതും നമ്മെ മുമ്പത്തെക്കാളുപരി അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നവരാകട്ടെ. നമ്മുടെ ത്യാഗങ്ങൾ സൽപ്രകൃതക്കാരായ ജനങ്ങളെ അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ എത്തിക്കുന്നതാകട്ടെ. നാം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ വിജയത്തിന്റെ ദൃശ്യങ്ങൾ ദർശിക്കുന്നവരാകട്ടെ. ഇസ്റായീല്യർ ഫലസ്തീനികൾക്കുനേരെ ചെയ്യുന്നതിനെക്കുറിച്ച് ഞാൻ നേരത്തെ പരാമർശിച്ചിരുന്നു. അവർക്ക് വേണ്ടിയും ധാരാളം ദുആ ചെയ്യുക. അല്ലാഹു നിഷ്കളങ്കരായ ജീവനുകളെ എല്ലാ അക്രമങ്ങളിൽ നിന്നും രക്ഷിക്കട്ടെ. ഇസ്റായീലിന്റെ വിശദീകരണം വരുന്നത് അവർ പറയുന്നത് ഞങ്ങൾക്ക് ഭയവിഹ്വലരായി കഴിയാൻ സാധിക്കില്ല. അതിനാലാണ് ഞങ്ങൾ ഫലസ്തീനെ അക്രമിച്ചത് എന്നാണ്. സ്വയം ആദ്യം അക്രമിച്ചു. സ്വയം അവരുടെ ആളുകളെ കൊന്നു. അവർ തിരിച്ചടിച്ചപ്പോൾ പറയുന്നു അവർ ഞങ്ങളെ ഭയപ്പെടുത്തുകയാണ്. ഇത് വിചിത്രമായ തന്ത്രമാണ്. മുസ്‌ലിംകളുടെ അനൈക്യം കാരണത്താലാണ് ലോകം ഇത്തരത്തിലുള്ള വിചിത്രമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നത്. അല്ലാഹു കരുണ കാണിക്കട്ടെ. ഈ നിഷ്കളങ്കരായ ഫലസ്തീൻകാരോടും കരുണ ചെയ്യട്ടെ. അവരെ എല്ലാ തരത്തിലുള്ള അക്രമണത്തിൽ നിന്നും രക്ഷിക്കട്ടെ.

## PRINTED BOOKS

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 November 23 at : Baitul Futuh London
Translation: T.M.Abdul Mujeeb Mob: 9946794987

Typing: A.T.Nasarudheen,M.P.Tahir Ahmed & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**